# ട്രേഡ് യൂണിയൻ ഉത്ഭവം-കേരളത്തിൽ



<u>വാടപ്പുറം ബാവ</u>
കേരളത്തിലെ ട്രേഡ് യൂണിയൻ
പ്രസ്ഥാനത്തിന്റെ പിതാവ്

1770 ൽ ബ്രിട്ടണിലും 1817 ൽ ഇന്ത്യയിലും ആരംഭിച്ച വ്യവസായ വിപ്ലവത്തിന്റെ അലയടികൾ ഇതേ കാലഘട്ടത്തിൽ കേരളത്തിലേയ്ക്കും വ്യാപിച്ചു. ഇംഗ്ലീഷ് വ്യവസായി ജെയിംസ് ഡ്രാഗ് 1858 – ൽ ഡ്രാഗ്സ്മെയിൽ ആന്റ് കമ്പനി എന്ന കയർ ഫാക്ടറി ആലപ്പുഴയിൽ ആരംഭിച്ചതോട് കൂടി കേരളത്തിലും വ്യവസായ വിപ്ലവത്തിന് തുടക്കമായി. ഇതിന് പിന്നാലെ മറ്റ് നിരവധി വിദേശ – സ്വദേശ ഫാക്ടറികളും ഇവിടെ പ്രവർത്തനം ആരംഭിച്ചു.

ഈ ഫാക്ടറികളിൽ തൊഴിലാളികളെ നിയമിക്കാനും ജോലി ചെയ്യിക്കാനും ശമ്പളം നൽകാനും പൂർണ്ണ അധികാരം മൂപ്പൻമാർക്കായിരുന്നു. മാനേജ്മെന്റുകളും മൂപ്പൻമാരും തൊഴിലാളികളെ എല്ലാവിധത്തിലും ചൂഷണം ചെയ്തു വന്നു. മനുഷ്യത്വരഹിതവും ക്രൂരവുമായി ഇവർ തൊഴിലാളികളോട് പെരുമാറി. ബാലവേലയും സ്ത്രീപീഢനങ്ങളും വ്യാപകമായിരുന്നു. തൊഴിലാളികളുടെ തുച്ഛമായ കൂലിയിൽ നിന്നും **മൂപ്പൻപണം** എന്ന രീതിയിൽ നിശ്ചിത തുക ഇവർ ഈടാക്കിയിരുന്നു.

ഈ കാലയളവിൽ എംമ്പയർ കയർ വർക്ക്സ് കമ്പനിയിൽ വാടപ്പുറം പി.കെ. ബാവ മൂപ്പനായി നിയമിക്കപ്പെട്ടു. ശ്രീനാരായണ ഗുരുവിന്റെ ആശയാദർശങ്ങളിൽ ആകൃഷ്ടനും മനുഷ്യ സ്നേഹിയുമായിരുന്നു ബാവ. പൊതുവിൽ തൊഴിലാളികളുടെ തൊഴിൽ ജീവിത കഷ്ടപ്പാടുകൾ മനസ്സിലാക്കിയ അദ്ദേഹം ട്രേഡ് യൂണിയൻ രൂപീകരണ ആശയം സഹപ്രവർത്തകരുമായി പങ്കു വച്ചു. 1922 മാർച്ച് 31 ന് അഡ്വ. പി.ബി. മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ ആദ്യ തൊഴിലാളി യോഗം ചേർന്ന് ലേബർ യൂണിയൻ എന്ന സംഘടന രൂപീകരിച്ചു. റ്റി.സി. കേശവൻ വൈദ്യൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ കേരളത്തിലെ ആദ്യ ട്രേഡ് യൂണിയൻ ആലപ്പുഴയിൽ പിറവി എടുത്തു.

തിരുവിതാംകൂർ മുഴുവനായി പ്രവർത്തിക്കുവാൻ തീരുമാനിച്ച ഈ യൂണിയൻ തിരുവിതാംകൂർ ലേബർ അസോസിയേഷൻ എന്ന് പേരുമാറ്റി. കയർ ഫാക്ടറികളിലെ തൊഴിലാളികളാണ് ഈ യൂണിയനിലെ അംഗങ്ങൾ എന്നതിനാൽ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ എന്ന പേരിലായി പിന്നീട് ഈ സംഘടന. ഈ യൂണിയൻ ആലപ്പുഴയിലും ചേർത്തലയിലും സജീവമായി പ്രവർത്തനം വ്യാപിപ്പിച്ചു.

ഉൽപാദനം വർദ്ധിക്കുകയും, വരവിൽ കവിഞ്ഞ ലാഭം നേടിയിട്ടും തൊഴിലാളികൾക്ക് ന്യായമായ യാതൊരു ആനുകൂല്യങ്ങളും മുതലാളിമാർ നൽകിയില്ല. തീർത്തും അസംതൃപ്തരായ തൊഴിലാളികൾ ഈ യൂണിയന്റെ നേതൃത്വത്തിൽ 1934 – ൽ ഫാക്ടറികളിലാകെ പൊതുപണിമുടക്ക് പ്രഖ്യാപിച്ചു.

വേതനം വർദ്ധിപ്പിക്കുക, സേവന വ്യവസ്ഥകൾ പരിഷ്ക്കരിക്കുക, മിനിമം വേതനം ഉറപ്പു വരുത്തുക, കോൺട്രാക്ട് ലേബർ സിസ്റ്റം നിരോധിക്കുക, അന്യായമായ വേതനം കുറവ് ചെയ്യൽ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പണിമുടക്ക്. മുതലാളി തൊഴിലാളി തർക്കത്തിന്റെ പേരിൽ നടന്ന ശക്തമായ ഈ പണിമുടക്ക് സർക്കാരിന്റെ ശ്രദ്ധയിൽ വന്നു. നേരിട്ട് പ്രശ്നത്തിൽ ഇടപ്പെട്ട ദിവാൻ മുഹമ്മദ് ഹബീബുള്ള വിഷയം പരിഹരിക്കാൻ ഒരു കൂടിയാലോചന സമിതിയെ (Board of Conciliation) നിയമിച്ചു. സമരം പിൻവലിക്കപ്പെട്ടു. എന്നാൽ കൂടിയാലോചന സമിതിയിലൂടെ ചർച്ച ചെയ്ത് തീരുമാനിക്കപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കാൻ പല മുതലാളിമാരും മൂപ്പൻമാരും കമ്പനി നടത്തിപ്പുക്കാരും തയ്യാറായില്ല. തൊഴിലാളികളുടെ ജീവിതം ദിനംപ്രതി ദുരിത പൂർണ്ണമായി. ഇതിൽ പ്രതിഷേധിച്ച് 1938 ൽ ശക്തമായ തൊഴിലാളി പ്രക്ഷോഭത്തിന് കയർ വ്യവസായ രംഗം വേദിയായി. സമരത്തെ നേരിട്ട പോലീസ് മർദ്ദനപരമ്പര അഴിച്ചുവിട്ടു. പല സ്ഥലത്തും മൃഗീയമായ ലാത്തിചാർജ്ജുകൾ നടന്നു. ഇങ്ങനെ നടന്ന ലാത്തി ചാർജ്ജിൽ മർദ്ദനമേറ്റ് കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ സ്ഥാപക പിതാവ് വാടപ്പുറം ബാവ മരണപ്പെട്ടു. തൊഴിലാളി വർഗ്ഗത്തിന്റെ കേരളത്തിലെ ആദ്യ ധീരരക്തസാക്ഷിയായി ഇദ്ദേഹം ഇന്നും ഓർമ്മിക്കപ്പെടുന്നു.

ബാവയുടെ മരണത്തിലൂടെ സ്ഥിതിഗതികൾ വളരെ സ്ഫോടനാത്മകമായി. സമരങ്ങളും പ്രകടനങ്ങളും യോഗങ്ങളും സർക്കാർ നിരോധിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സ് ഈ തൊഴിലാളി സമരത്തെ പൂർണ്ണമായി പിൻതുണച്ചിരുന്നു. എന്നാൽ തൊഴിലാളി താൽപര്യങ്ങളെക്കാൾ ഉപരിയായി കമ്മ്യൂണിസ്റ്റ് ആശയഗതിക്കാരായ ചിലർ രാഷ്ട്രീയ സമര പ്രചരണങ്ങൾക്കായി സംഘടനയെ ഉപയോഗിച്ചപ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തു. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി തിരുവിതാംകൂറിൽ രൂപീകരിക്കപ്പെട്ടിരുന്നില്ല. 1940 ലാണ് കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ രൂപീകരിക്കപ്പെട്ടത്.

1939 ലെ രണ്ടാം ലോകമഹായുദ്ധ ആരംഭത്തിൽ ജർമ്മനിയിലെ ഫാസിസ്റ്റ് ഹിറ്റ്ലറും റഷ്യയിലെ കമ്മ്യൂണിസ്റ്റ് സ്റ്റാലിനും തമ്മിൽ ഇംഗ്ലണ്ടിനെതിരെ യോജിച്ച യൂദ്ധം നയിച്ചു. എന്നാൽ ഈ ധാരണ ലംഘിച്ച് ഹിറ്റ്ലർ റഷ്യയോട് യുദ്ധം പ്രഖ്യാപിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് സ്റ്റാലിനും ഇംഗ്ലണ്ടും തമ്മിൽ 1941 മുതൽ പരസ്പര ധാരണയിലായി ഒരുമിച്ച് ഹിറ്റ്ലറോട് യുദ്ധം ചെയ്യാൻ ആരംഭിച്ചു. ഈ സന്ദർഭത്തിൽ ഇംഗ്ലണ്ടിനെതിരായി ഇന്ത്യയിൽ യാതൊരു സമരവും പാടില്ലായെന്ന നിർദ്ദേശം റഷ്യയിൽ നിന്ന് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ്കാർക്ക് ലഭിച്ചു.

ഈ നിർദ്ദേശപ്രകാരം 1942 –മുതൽ ഗാന്ധിജിയും കോൺഗ്രസ്സും ആരംഭിച്ച ക്വിറ്റ് ഇന്ത്യാ സമരത്തിൽ ബ്രിട്ടീഷ് ഭരണത്തിന് അനുകൂലമായ നിലപാട് റഷ്യൻ നിർദ്ദേശപ്രകാരം ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ സ്വീകരിച്ചു. ഇത് അനുസരിച്ച് പണിമുടക്കുകളും പ്രക്ഷോഭങ്ങളും ഒഴിവാക്കണമെന്ന് ചില കമ്മ്യൂണിസ്റ്റ് ആശയക്കാർ തീരുമാനിച്ചപ്പോൾ സംഘടനയ്ക്കുള്ളിൽ പ്രതിഷേധം രൂക്ഷമായി.

ഇതെല്ലാം കേട്ടറിഞ്ഞ തൊഴിലാളികൾ 1948 – ൽ കേരള ട്രേഡ് യൂണിയൻ എന്ന പേരിൽ സംഘടന രൂപീകരിച്ച് കെ. കരുണാകരന്റെ നേതൃത്വത്തിൽ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തനം തുടങ്ങി. കാർഷിക, പ്ലാന്റേഷൻ, ടെക്സ്റ്റൈൽ, ബീഡി, കള്ളു ചെത്ത്, കൈത്തറി, കാഷ്യു, ഇഷ്ടിക, ഓട് മേഖലകളിലും മറ്റ് വാണിജ്യ വ്യവസായ രംഗങ്ങളിലും ഈ യൂണിയൻ സജീവ സാന്നിധ്യമായി. ദേശീയതലത്തിൽ ഐ.എൻ.റ്റി.യു.സി രൂപീകരി

ക്കപ്പെടുകയും ബി.കെ. നായരെ കേരളത്തിൽ ഐ.എൻ.റ്റി.യു.സി. പ്രവർത്തനം ശക്തിപ്പെടുത്താൻ നിയോഗിക്കുകയും ചെയ്തതോട് കൂടി കെ. കരുണാകരനും, ബി.കെ. നായരും യോജിച്ച് നടത്തിയ പ്രവർത്തനം ഐ.എൻ.റ്റി.യു.സി.യ്ക്ക് കേരളത്തിൽ അടിത്തറയിട്ടു.

1963 വരെ ഇവർ രണ്ടുപേരും ആയിരുന്നു കേരളത്തിലെ ഐഎൻ.റ്റി.യു.സി.യുടെ പ്രമുഖ നേതാക്കൾ. കെ. കരുണാകരൻ നിയമസഭാ അംഗവും, പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും രാജ്യസഭാ മെമ്പറും ലോകസഭാ മെമ്പറും കേന്ദ്ര കാബിനറ്റ് മന്ത്രിയും ഇന്ത്യൻ രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യനുമായി മാറി. 1948 ൽ ആരംഭിച്ച ട്രേഡ് യൂണിയൻ പ്രവർത്തനത്തിലൂടെ ലഭിച്ച അറിവുകളാണ് രാഷ്ട്രീയ രംഗത്തെ തന്റെ എല്ലാ ഉന്നതിയ്ക്കും കാരണമെന്ന് പലപ്രാവശ്യം കെ. കരുണാകരൻ പരസ്യമായി പറഞ്ഞിരുന്നു.

ബി.കെ. നായർ 1980 ൽ കൊല്ലത്തു നിന്നും 1997 – ൽ മാവേലിക്കരയിൽ നിന്നും ലോക്സഭാ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. ഇവർക്ക് പിന്നാലെ ഐ.എൻ.റ്റി.യു.സി. നേതൃത്വത്തിലേയ്ക്ക് വന്ന സി.എം. സ്റ്റീഫൻ, ലോക്സഭാ അംഗവും ലോക്സഭാ പ്രതിപക്ഷനേതാവും കേന്ദ്ര കാബിനറ്റ് മന്ത്രിയുമായി. തൊഴിലാളികളും ഐ.എൻ.റ്റി.യു.സി.യും കോൺഗ്രസ്സ് രാഷ്ട്രീയത്തിന് സംഭാവന ചെയ്തവരായിരുന്നു ഇവർ. ഇവരെ പോലുള്ളവർ രാഷ്ട്രീയ അധികാര കേന്ദ്രങ്ങളിൽ എത്തിയപ്പോൾ നേടിയ നേട്ടങ്ങൾ ഇന്നും തൊഴിലാളികൾക്ക് മുന്നിൽ ജ്വലിച്ച് നിൽക്കുന്നു.

കെ. കരുണാകരനെയും ബി.കെ. നായരെയും സി.എം. സ്റ്റീഫനെയും പോലെ പല തൊഴിലാളി നേതാക്കളും പ്രശോഭിതരായി ഐ.എൻ.റ്റി.യു.സി.യിലൂടെ രാഷ്ട്രീയ രംഗത്ത് കടന്നു വന്നെങ്കിലും വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളുടെ കോൺഗ്രസ്സിലെ തള്ളിക്കയറ്റവും പിടിച്ചടക്കലും മൂലം തൊഴിലാളികളും ഐ.എൻ.റ്റി.യു.സി. യും കോൺഗ്രസ്സിൽ പാർശ്വവൽക്കരിക്കപ്പെട്ടു.

1956 – ൽ കേരള സംസ്ഥാനം രൂപീകൃതമായതിനെ തുടർന്ന് 1957 – ൽ ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ് ഭരണം സ്ഥാപിതമായപ്പോൾ തൊഴിലാളി വർഗ്ഗ സംഘടിത ശക്തിയുടെ നേട്ടം ഇടതുപക്ഷം തിരിച്ചറിഞ്ഞു. 1969 –ൽ കെ. കരുണാകരൻ കേരളത്തിൽ ഭരണത്തിലെത്തുമ്പോൾ കോൺഗ്രസ്സ് രാഷ്ട്രീയവും തൊഴിലാളികളുടെ ശക്തി മനസ്സിലാക്കി. തുടർന്ന് ഇടതുപക്ഷവും വലതുപക്ഷവും മാറി മാറി സംസ്ഥാനം ഭരിച്ചെങ്കിൽ പിന്നീട് അത് എൽ.ഡി.എഫും യു.ഡി.എഫുമായി മാറി.

ലോക സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനപരമായ മാറ്റത്തിന്റെ ചുവടു പിടിച്ച് 1991 മുതൽ നടന്ന ആഗോളവൽക്കരണത്തിന്റെയും സാമ്പത്തിക ഉദാരവൽക്കരണത്തിന്റെയും പിടിയിൽ രാജ്യവും സംസ്ഥാനവും അമർന്നപ്പോൾ വികസനത്തിന്റെയും സമഗ്രവികസനത്തിന്റെയും വാഗ്ദാനങ്ങളിലേയ്ക്ക് രാഷ്ട്രീയവും ഭരണകൂടവും പൊതുസമൂഹത്തെ നയിച്ചു. പൊതുസമൂഹം എന്ന പേരു പറഞ്ഞ് തൊഴിലാളികളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും വിചാരണ ചെയ്യപ്പെട്ടു. എന്നാൽ ഇത്തരത്തിൽ തൊഴിലാളികൾ പാർശ്വവൽക്കരിക്കപ്പെടുമ്പോൾ കേരളത്തിൽ 2021 ലെ കണക്കുകൾ പ്രകാരം 275 ലക്ഷം വോട്ടർമാരിൽ 175 ലക്ഷവും പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണെന്ന വസ്തുത വിസ്മരിക്കപ്പെടുന്നു.

മനുഷ്യ ജീവിതത്തിന്റെ സാമ്പത്തിക സാമൂഹ്യനിയന്ത്രണം ഭൂമി, തൊഴിലാളി, മൂലധനം (Land, Labour, Capital) എന്നീ മൂന്ന് പ്രധാന ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ ഫലമാണ് ലോകത്തിന്റെയും ഏതൊരു രാജ്യത്തിന്റെയും

ആഭ്യന്തര ഉൽപാദനം അഥവാ GDP (GROSS DOMESTIC PRODUCTS). ഈ ആഭ്യന്തര ഉൽപാദനത്തിന്റെ ഉയർച്ച താഴ്ചകളാണ് ലോക സാമ്പത്തിക രംഗം നിയന്ത്രിക്കുന്നത്. ആയതിനാൽ ലോകനിലനിൽപ്പിന് തന്നെ പ്രധാനമായി പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഭരണഘടന അനുശാസിക്കുംവിധം ന്യായമായ ജീവിത സാഹചര്യവും തങ്ങളുടെ ശക്തിയ്ക്ക് ആനുപാതികമായ അംഗീകാരവും നിയമനിർമ്മാണ ഭരണകൂടങ്ങളിലെ പ്രാതിനിധ്യവും ലഭിക്കുക എന്നത് തീർത്തും ന്യായമാണ്.

തൊഴിലാളികൾ സംഘടിതരാകാതിരിക്കാനുള്ള ഭിന്നിപ്പിക്കൽ തന്ത്രങ്ങൾ രാഷ്ട്രീയവും മതപരവും സാമൂഹ്യവും സാമ്പത്തികവുമായി തൊഴിലാളി വിരുദ്ധശക്തികൾ നടത്തുന്നു. ഒളിഞ്ഞും തെളിഞ്ഞും സമ്പന്ന ശക്തികൾ ഭരണകൂട നീതിന്യായ പത്ര - ദൃശ്യ മാധ്യമങ്ങളെ വരുതിയിലാക്കി രംഗത്ത് വരുമ്പോൾ **മഹാത്മജി പറഞ്ഞതു പോലെ അത് ആനപ്പട്ടാളം ഉറുമ്പിൻ പട്ടാളത്തിനോട് യുദ്ധം ചെയ്യുന്നതിന് സമാനമാണ്.**

ഇവിടെ സമ്പന്നൻമാരും വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളും വിവിധ രാഷ്ട്രീയ പാർട്ടികളിലൂടെ നിയമനിർമ്മാണ വേദികളും ഭരണകൂടവും കൈയ്യടക്കിയിരിക്കുന്നു. തൊഴിലാളി ശബ്ദം ഈ രംഗത്ത് ഇല്ലാതായിരിക്കുന്നു. ലോകത്തിലെ മറ്റ് വികസിത - വികസ്വര രാജ്യങ്ങളിലെല്ലാം തൊഴിലാളികൾക്കും തൊഴിലാളി പ്രസ്ഥാനങ്ങൾക്കും മതിയായ പ്രാതിനിധ്യം നിയമനിർമ്മാണ സഭകളിലും ഭരണകൂടത്തിലും ലഭിക്കുമ്പോൾ ഇവിടെ പൂർണ്ണമായും അവഗണിക്കപ്പെടുന്നു.

ഇന്നിപ്പോൾ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കപ്പെടുന്നില്ല. തൊഴിലാളി - തൊഴിലുടമ - സർക്കാർ ത്രിതല സമിതി തീരുമാനിക്കുന്ന മിനിമം വേതനം പോലും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. വ്യവസ്ഥാപിതമല്ലാതെ അടച്ചു പൂട്ടലും തൊഴിൽ നിഷേധവും വ്യാപകമായിരിക്കുന്നു. തൊഴിൽ വകുപ്പിന്റെ പ്രവർത്തനം നിർജ്ജീവമായിരിക്കുന്നു. തൊഴിൽ നിയമങ്ങൾ രാഷ്ട്രീയക്കാർക്ക് പ്രസംഗിക്കുവാനും ഉദ്യോഗസ്ഥർക്ക് ഇഷ്ടാനുസരണം വ്യാഖ്യാനിക്കാനും വക്കീലന്മാർക്ക് വാദിക്കുവാനും മാത്രമായി മാറിയിരിക്കുന്നു. തൊഴിലാളികൾക്ക് നിയമ പരിരക്ഷ ഒരു രംഗത്തും ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഒരു തൊഴിലാളി സംരക്ഷണ നവോത്ഥാന മുന്നേറ്റം തൊഴിൽ മേഖലയിൽ ഇന്ന് അനിവാര്യമായിരിക്കുന്നു.

******



Written & Published By V.J. Joseph, General Secretary
for INTUC Kerala State Committee